# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ.19/2024 തിരുവനന്തപുരം, തീയതി: 24/01/2024

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328) പരീക്ഷയുടെ കമ്പ്യൂട്ടർ പ്രാക്ടിക്കൽ പരീക്ഷ 2024 ജനുവരി 30, 31 തീയതികളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ഡബിൾ മെയിൻ ഡിഗ്രി പരീക്ഷയുടെ (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ./ എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം. (റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ രജിസ്ട്രേഷൻ 2024 ജനുവരി 27 മുതൽ ആരംഭിക്കുന്നു. പിഴകൂടാതെ 2024 ഫെബ്രുവരി 3 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 7 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 9 വരെയും അപേക്ഷിക്കാം. റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 അഡ്മിഷൻ അപേക്ഷകർ www.slcm.keralauniversity.ac.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി മാത്രം രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020 അഡ്മിഷൻ അപേക്ഷകർ www.exams.keralauniversity.ac.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഫെബ്രുവരി 20 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസിലേഷണൽ സ്റ്റഡീസ് (DTS) പരീക്ഷയ്ക്ക് പിഴകൂടാതെ 2024 ഫെബ്രുവരി 2 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 6 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 8 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2023 ഫെബ്രുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 ജനുവരി 27 മുതൽ ഫെബ്രുവരി 3 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. V (അഞ്ച്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

# ജർമ്മൻ ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (Deutsch A1) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു, കോഴ്സ് ഫീ : Rs. 8000/-, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം : രാവിലെ 7.30 മുതൽ 9 വരെ (തിങ്കൾ മുതൽ വെള്ളി) ആകെ സീറ്റ്: 30, അപേക്ഷാഫീസ് 105 രൂപ, രജിസ്ട്രേഷൻ ഫീസ് 105 രൂപ. (payable at University Cash Counter or online). https://www.keralauniversity.ac.in/dept/dept-home എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2024 ഫെബ്രുവരി 7 ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A2 (Deutsch A2) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു & ജർമ്മൻ A1 (Deutsch A1), കോഴ്സ് ഫീ : Rs. 9000/-, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം : രാവിലെ 10 മുതൽ 1 മണി വരെ (തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റ്: 30, അപേക്ഷാഫീസ് 105 രൂപ, രജിസ്ട്രേഷൻ ഫീസ് 105 രൂപ (payable at University Cash Counter or online). https://www.keralauniversity.ac.in/dept/dept-home എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2024 ഫെബ്രുവരി 7 ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ B1 (Deutsch B1) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു & ജർമ്മൻ A2 (Deutsch A2), കോഴ്സ് ഫീ : Rs. 15,000/-, കാലയളവ് : 120 മണിക്കൂർ (2 മുതൽ 3 മാസം), സമയം : രാവിലെ 7.30 മുതൽ 9 മണി വരെ (തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റ്: 30, അപേക്ഷാഫീസ് 105 രൂപ, രജിസ്ട്രേഷൻ ഫീസ് 105 രൂപ (payable at University Cash Counter or online). https://www.keralauniversity.ac.in/dept/dept-home എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2024 ഫെബ്രുവരി 7 ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in